# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1965** — **05/10/2016** -ൽ മറുപടിക്ക്

## 'ചുണ്ടി' ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) തൃപ്പൂണിത്തുറയ്ക്ക് മാത്രമായി വിഭാവനം ചെയ്ത 'ചൂണ്ടി" ശുദ്ധജലവിതരണ പദ്ധതിയുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ; | (എ) തൃപ്പൂണിത്തുറയ്ക്കുള്ള 'ചൂണ്ടി' ശുദ്ധജലവിതരണ പദ്ധതിയുടെ നവീകരണത്തിനായി 2801 ലക്ഷം രൂപ മതിപ്പു ചിലവു വരുന്ന പദ്ധതിക്ക് 15/10/2014-ൽ ഭരണാനുമതിയും 22/11/2014-ൽ സാങ്കേതികാനുമതിയും നൽകി. പദ്ധതിക്ക് പത്ത് ഘടകങ്ങളായി പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. ഇതിൽ രാമമംഗലം റോ വാട്ടർ പമ്പ് ഹൗസ് മുതൽ ചൂണ്ടി ശുദ്ധീകരണശാല വരെ 900 മി.മീ. വ്യാസമുള്ള ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തിയ്ക്ക് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡിൽ പൈപ്പ് ഇടുന്നതിന് പൂതൃക്ക പഞ്ചായത്ത് എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ബാക്കി 9 ഘടകങ്ങളുടെ പ്രവൃത്തികൾ ഏർപ്പാടാക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) ഇതിനാവശ്യമായ തടയണയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; | (ബി) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം എന്ന നിലയ്ക്കായി മൂവാറ്റുപുഴ ആറിനു കുറുകെ ഒരു തടയണ നിർമ്മിക്കാനായി 1100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

ഇതിനായി റബിൾഫിൽഡ് ഗാബിയോൺ ബോക്സ് ഉപയോഗിച്ചുള്ള തടയണ നിർമ്മാണത്തിനുള്ള സാധ്യതാപഠനവും പ്രാരംഭ നടപടികളും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും എന്നു മുതൽ ശുദ്ധജല വിതരണം നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ? | (സി) 2017 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ